ആഭ്യന്തര ഉപഭോഗം കൂടുന്ന സന്ദർഭങ്ങളിൽ മിൽമ അന്യസംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കാറുണ്ട്.

(സി) കേരളത്തിൽ പാലിന്റെ പ്രതിവർഷ ആവശ്യകത 31.78 ലക്ഷം മെട്രിക് ടണ്ണും, പ്രതിവർഷ ഉല്പാദനം 29.03 ലക്ഷം മെട്രിക് ടണ്ണും ആണ്. സംസ്ഥാനത്ത് മിൽമ കഴിഞ്ഞ വർഷം ഉല്പാദിപ്പിച്ച് വിപണനം ചെയ്ത പാലുല്പന്നങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

ഉല്പന്നങ്ങൾ	2013-14
നെയ്	4583.7 ടൺ
തൈര്	30359148 കിലോഗ്രാം
വെണ്ണ	309 ടൺ
ഐസ്ക്രീം	1788849 ലിറ്റർ
സംഭാരം	17312630 പാക്കറ്റ്
മിൽമ പ്ലസ്	1596082 ബോട്ടിൽസ്

നഗരവികസന പദ്ധതികൾ

19 (*289) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നഗരവികസന പദ്ധതികൾ ഊർജ്ജിതമായി കമ്മീഷൻ ചെയ്യുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഏതെല്ലാം മേഖലയിലുള്ള പദ്ധതികളാണ് ഇങ്ങനെ കമ്മീഷൻ ചെയ്യപ്പെടുന്നത്; വിശദമാക്കുമോ ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി ലഭിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിനായി ഭരണ തലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദമാക്കുമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) കേന്ദ്ര ധനസഹായത്തോടെ നടപ്പിലാക്കുന്ന ജെ.എൻ.എൻ.യു.ആർ.എം/ യു.ഐ.ഡി.എസ്.എസ്.എം.റ്റി. എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള നഗര വികസന പദ്ധതികൾ ഊർജ്ജിതമായി കമ്മീഷൻ ചെയ്യുന്നതിന് പദ്ധതികളുടെ നടത്തിപ്പ് അവലോകനങ്ങൾ തുടർച്ചയായി നടത്തി വരുന്നതു കൂടാതെ ഇതുമായി ബന്ധപ്പെട്ട എംപവേർഡ് കമ്മിറ്റിയിൽ പദ്ധതികളിലൂടെ കൈവരിച്ച ഭൗതിക നേട്ടങ്ങളും ചെലവിന്റെ വിശദാംശങ്ങളും പരിശോധിച്ചുവരുന്നു. പദ്ധതി നടത്തിപ്പിൽ എന്തെങ്കിലും പ്രായോഗിക തടസ്സങ്ങൾ റിപ്പോർട്ട് ചെയ്യുന്നപക്ഷം അവ അപ്പപ്പോൾ തന്നെ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട സാങ്കേതിക വിദഗ്ദ്ധർ സ്ഥലം സന്ദർശിക്കുകയും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ച് നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്.

(ബി) ശുദ്ധജല വിതരണം, അഴുക്കുചാൽ നിർമ്മാണം, വെള്ളപ്പൊക്ക നിവാരണത്തിനായുള്ള ഓടകളുടെ നിർമ്മാണം, റോഡ് ഗതാഗതം, ഖരമാലിന്യ സംസ്കരണം എന്നീ മേഖലകളിലുള്ള പദ്ധതികളാണ് ഇത്തരത്തിൽ കമ്മീഷൻ ചെയ്യപ്പെട്ടുന്നത്.

(സി) ജെ.എൻ.എൻ.യു.ആർ.എം./യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതികൾക്ക് അംഗീകരിച്ച പദ്ധതി അടങ്കലിന്റെ 80 ശതമാനം തുക കേന്ദ്ര സഹായമായി ലഭിച്ചുവരുന്നു. കൊച്ചി നഗരസഭയുടെ ജെ.എൻ.എൻ.യു.ആർ.എം. പദ്ധതികളുടെ കാര്യത്തിൽ കേന്ദ്ര വിഹിതം 50 ശതമാനമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

(ഡി) ജെ.എൻ.എൻ.യു.ആർ.എം./യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതികളുടെ നോഡൽ ഏജൻസിയായി കേരള സുസ്ഥിര നഗരവികസന പദ്ധതിയുടെ കാര്യാലയം പ്രവർത്തിച്ചുവരുന്നു. ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയിൻ കീഴിൽ തിരുവനന്തപുരം, കൊച്ചി എന്നീ നഗരസഭകളിൽ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റുകൾ (പി.ഐ.യു.) പ്രവർത്തിച്ചുവരുന്നു. കൂടാതെ ജെ.എൻ.എൻ.യു.ആർ.എം./ യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതികളിൽ ഉൾപ്പെടുന്ന ശുദ്ധജല വിതരണ പദ്ധതികളുടെയും അഴുക്കുചാൽ നിർമ്മാണ പദ്ധതികളുടെയും നിർവ്വഹണത്തിന് കേരള വാട്ടർ അതോറിറ്റിയെ നിർവ്വഹണ ഏജൻസിയായും ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly